ഉത്തരം

(എ) ഉണ്ട്.

(ബി) 3-2-2004-ലെ കാസർഗോഡ് നഗരസഭാ കൗൺസിലിന്റെ 51-ാം നമ്പർ തീരുമാനം 16-3-2004-ലെ കത്തു പ്രകാരമാണ് സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

(സി&ഡി) നഗരസഭയുടെ തീരുമാനം പരിശോധിച്ചതിൽ പ്രസ്തുത പത്തു സെന്റു സ്ഥലം അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതി പ്രകാരം റെസിഡൻഷ്യൽ സോണിൽ ഉൾപ്പെടുന്നതിനാൽ, ഈ സ്ഥലത്തിനു മാത്രമായി സോണൽ ഇളവു നൽകാൻ നിർവ്വാഹമില്ല.

വിശദ നഗരാസൂത്രണ പദ്ധതി പുതുക്കുമ്പോൾ മാത്രമേ ഈ തീരുമാനം പരിഗണിക്കാൻ കഴിയുകയുള്ളു. കാസർഗോഡ് നഗരസഭ ആവശ്യപ്പെടുന്ന പക്ഷം ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ദുർബല വിഭാഗങ്ങൾക്ക് കെട്ടിട നിർമ്മാണാനുമതിയിൽ പ്രത്യേക പരിഗണന

159 (4783) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ ദുർബല ജനവിഭാഗങ്ങൾക്ക് സഹായകരമാകുന്ന രീതിയിൽ ഭേദഗതി ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ദുർബല കെട്ടിട നിർമ്മാണാനുമതി നൽകുന്നതിൽ പ്രത്യേക പരിഗണന നൽകുന്നുണ്ടോ ;

(സി) പുറമ്പോക്കിലും തീരദേശങ്ങളിലും താമസിക്കുന്നവർക്ക് ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിന് താൽക്കാലിക നമ്പർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 125 ച. മീറ്റർ (ഉദ്ദേശം 3 സെന്റ്) വരെയുള്ള ചെറിയ പ്ലോട്ടുകളിൽ നിർമ്മിക്കുന്ന ഗാർഹിക-വാണിജ്യ വിഭാഗങ്ങളിൽപ്പെടുന്ന കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും കുടിലുകളുടെ നിർമ്മാണത്തിനും ലഘൂകൃത വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇപ്പോൾത്തന്നെയുണ്ട്. സാമ്പത്തികമായി അവശരായ വിഭാഗങ്ങൾക്കായി സർക്കാർ വകുപ്പുകൾ, വിവിധ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

സഹായം നൽകുന്ന സർക്കാർ അംഗീകരിച്ച സ്കീമുകളിൽപ്പെടുന്ന നിർമ്മാണങ്ങൾക്കുള്ള ലഘൂകൃത വ്യവസ്ഥകൾ, 2010 ജൂൺ 21-ാം തീയതിയിലെ ഭേദഗതികൾ പ്രകാരം 60 ച. മീറ്റർ വരെ തറ വിസ്തൃതിയുള്ള വീടുകൾക്കു വരെ ബാധകമാക്കി ഉയർത്തിയിട്ടുണ്ട്. ഇത്തരം വീടുകൾക്ക് പെർമിറ്റ് ഫീസ് ഈടാക്കേണ്ടതില്ലെന്നും ഉത്തരവായിട്ടുണ്ട്. ഭവന നിർമ്മാണ സ്കീമുകളിൽപ്പെടുന്ന വീടുകളും ചെറിയ വാസഗൃഹങ്ങളും നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ഒഴിവാക്കിയിട്ടുണ്ട്. ഭവന നിർമ്മാണ സ്കീം പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിന് കാലതാമസം ഒഴിവാക്കേണ്ടതാണെന്നും 60 ച. മീറ്ററിൽ താഴെ പ്ലിന്ത് ഏരിയയുള്ള വീട് നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന്റെ കൈവശാവകാശ രേഖയുണ്ടെങ്കിൽ നിർമ്മാണാനുമതി നൽകാമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ അവരുടെ പരമ്പരാഗതമായ സ്ഥലത്ത് നടത്തുന്ന നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ മൂപ്പർ/കാണി പഞ്ചായത്തിനെ അറിയിക്കേണ്ടതാണെന്നും അതു സംബന്ധിച്ച വിവരങ്ങൾ സെക്രട്ടറിമാർ ശേഖരിച്ച് രേഖപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 60 ച.മീറ്റർ വരെ പ്ലിന്ത് ഏരിയയുള്ള എല്ലാ വിഭാഗത്തിലുമുള്ള വീടുകൾക്ക് ലൈസൻസ്ഡ് എഞ്ചിനീയർ/സൂപ്പർവൈസർ തയ്യാറാക്കുന്ന പ്ലാനുകൾ സമർപ്പിക്കേണ്ടതില്ല. പകരം കെട്ടിടത്തിന്റെ ചുറ്റളവ് കാണിച്ചുകൊണ്ടുള്ള സ്കെച്ച് സമർപ്പിച്ചാൽ മതിയാകും. സർക്കാരിന്റെ ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുന്ന ബിൽഡിംഗ് പെർമിറ്റ് ഗുണഭോക്താക്കളെ ഒന്നിച്ച് ചേർത്ത് പെർമിറ്റ് നേരിട്ട് നൽകാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ വ്യത്യസ്ത റോഡുകളുടെ കാര്യത്തിൽ പാലിക്കേണ്ട ദൂരപരിധി

160 (4784) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡരുകിൽ വീടുകളും, കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ വ്യത്യസ്ത റോഡുകളുടെ കാര്യത്തിൽ പാലിക്കേണ്ട ദൂരപരിധി സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ദൂരപരിധി വ്യവസ്ഥ പാലിക്കാതെ നിർമ്മിച്ച വീടുകളുടെയും മറ്റു കെട്ടിടങ്ങളുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly